**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** — **08-08-2023 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സിറ്റി ഗ്യാസ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കുമ്പോൾ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പ്രദേശങ്ങളിലെ എത്രമാത്രം ജനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് ലൈസൻസ് നൽകുന്ന കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പി. എൻ. ജി. ആർ. ബി.) - ന്റെ മാനദണ്ഡപ്രകാരം അനുവദിക്കപ്പെട്ട പ്രദേശങ്ങളിലാണ് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും അനുവദിക്കപ്പെട്ട പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതും പ്രകൃതി വാതകം ലഭ്യമാക്കുന്നതുമാണ്. |
| (ബി) | സിറ്റിഗ്യാസ് വിലയും എൽ.പി.ജി വിലയും തമ്മിലുള്ള വ്യത്യാസം എത്രയെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു എൽ.പി.ജി സിലിണ്ടറിൽ അടങ്ങിയിരിക്കുന്ന ഇന്ധനം 14.2 kg ആണ്. എന്നാൽ, സിറ്റി ഗ്യാസ് പദ്ധതി മുഖേനെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന പ്രകൃതിവാതകത്തിന്റെ അളവ് എത്ര മില്യൺ മെട്രിക് ബ്രിട്ടീഷ് തെർമൽ യൂണിറ്റ് (MMBTU) ഉപയോഗിച്ചു എന്നതിനെ അടിസ്ഥാനമാക്കി യാണ് വില ഈടാക്കുന്നത്. അതിനാൽ വിലയുടെ കാര്യത്തിൽ എൽ. പി. ജി യും പ്രകൃതിവാതകവും തമ്മിൽ നേരിട്ടുള്ള താരതമ്യം സാധ്യമല്ല. എന്നിരുന്നാലും LPG സിലിണ്ടറിൽ അടങ്ങിയിരിക്കുന്ന ഇന്ധനത്തിന് തത്തുല്യമായി വേണ്ടിവരുന്ന പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് ഉപയോഗിക്കുന്ന ഉപഭോക്താവിന് ചിലവിൽ ഏകദേശം 20 ശതമാനം ലാഭിയ്ക്കാനാകും എന്നു കരുതുന്നു. |
| (സി) | ഏതൊക്കെ പ്രദേശങ്ങളിലാണ് സിറ്റിഗ്യാസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിന്റെ പ്രവർത്തനങ്ങളുടെ ഇതുവരെയുള്ള പുരോഗതി ലഭ്യമാക്കാമോ? | (സി) | കേരളത്തിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പി. എൻ. ജി. ആർ. ബി.) മൂന്ന് കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. |

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ളത്.

എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നിവടങ്ങളിൽ സിറ്റി ഗേറ്റ് സ്റ്റേഷനും ഒഡോറൈസേഷൻ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട് . കൂടാതെ മേല്പറഞ്ഞ 8 ജില്ലകളിലും പ്രകൃതി വാതക പൈപ്പലൈനുകൾ സ്ഥാപിക്കുകയും, CNG സ്റ്റേഷനുകളിലേക്കും, ഗാർഹിക, വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിലേക്കും പ്രകൃതി വാതകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള അനുമതി A G & P City Gas Pvt Ltd -നും ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള അനുമതി മെ. ഷോലഗാസ്കോ പ്രൈവറ്റ് ലിമിറ്റഡ് -നുമാണ് ലഭിച്ചിട്ടുള്ളത്.

**തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളിയിൽ 56.8 KL സ്റ്റോറേജ് കപ്പാസിറ്റിയുള്ള നാല് ലിക്വിഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷനുകൾ (LCNG) സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ശംഖുമുഖം, വെട്ടുകാട് വാർഡുകളിലെ 93% വീടുകളിലും സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ചാക്ക, മുട്ടത്തറ, പാൽകുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, കമലേശ്വരം, ശ്രീവരാഹം എന്നീ വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ട്.**

**ഷോലഗാസ്കോ പ്രൈവറ്റ് ലിമിറ്റഡ് - എന്ന കമ്പനി കോട്ടയം ജില്ലയിലാണ് ആദ്യം ഗ്യാസ് വിതരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. സിഎൻജി സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ഓർഡർ ചെയ്യുന്ന നടപടി പുരോഗമിച്ചു വരുന്നു.**

പി.എൻ.ജി.ആർ.ബി-യുടെ അംഗീകാരപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി സമയക്രമം പാലിച്ച് സിറ്റി ഗ്യാസ് വിതരണ പദ്ധതി നടപ്പിലാക്കാനാണ് കമ്പനികൾ ലക്ഷ്യമിടുന്നത്. സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാകുന്നതോടു കൂടി സംസ്ഥാനത്തെ 14 ജില്ലകളിലെയും ഗാർഹിക,

| | | | |
|---|---|---|---|
| | | | വാണിജ്യ - വ്യവസായ ഉപഭോക്താകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ